അവർ സാദ്ധ്യമല്ലെന്നു പറഞ്ഞിരിക്കുകയാണ്. അത് പ്രത്യേകിച്ചും മി. പ്രഭാകരൻ ചോദിച്ചതുപോലെ, സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അരിയുടെ കച്ചവടം വേറെ നടത്തുന്നുണ്ട്. അപ്പോൾ അരിക്കച്ചവടം ചെയ്യുന്നവർക്ക് ഇത് നടത്താനുള്ള അർഹത നിയമപ്രകാരമില്ല. രണ്ടാമത്, ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പുതിയ നിർദ്ദേശം വച്ചു. ഡയാക്ട് ഡെലിവറി. അത് പ്രായോഗികമായിട്ട് സാദ്ധ്യമല്ലെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പറഞ്ഞിട്ടുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഈ വർഷത്തെ കേരള ബഡ്ജറിനെപ്പറ്റിയുള്ള വിവാദം

*50 [50] ശ്രീ. പി. സി. ജോർജ്ജ്:

,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേരളാ ബഡ്ജറ് മിച്ചമാണെന്നും അല്ലെന്നുമുള്ള വിവാദം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി കമ്മിബഡ്ജറുള്ള കേരളത്തിൽ മിച്ച ബഡ്ജറ് ഉണ്ടാക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിലുള്ള വർദ്ധനവ് സംസ്ഥാന നികുതി പിരിവിലുണ്ടായ വർദ്ധനവ് ചിലവുകളിൽ വരുത്തിയ കർശനനിയന്ത്രണം ഇവയാണ് മിച്ചമുണ്ടായതിനുള്ള കാരണങ്ങൾ.

1986-87-ലെ കേരള ബഡ്ജറ്

*51 [51] ശ്രീ. പി. കുമാരൻ:

,, കെ. കെ. ബാലകൃഷ്ണൻ

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. ലോനപ്പൻ നമ്പാടൻ:

,, ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87 ലേക്കുള്ള കേരള ബഡ്ജറ് യഥാർത്ഥത്തിൽ കമ്മിബഡ്ജറ് ആണെന്ന് കേന്ദ്ര ധനകാര്യ സഹമന്ത്രി ലോകസഭയിലും രാജ്യസഭയിലും രേഖാമൂലം നൽകിയ ഉത്തരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) ഈ പ്രസ്താവനയെ തുടർന്ന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ധനകാര്യമന്ത്രിക്ക് ഇതിനെപ്പറ്റി എന്തെങ്കിലും വിവരം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്തിന്റെ 1986-87 ബഡ്ജറ്റിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആരായാൻ കേന്ദ്ര ഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർ സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ;

(എഫ്) 1984 മാർച്ച് 31, 1985 മാർച്ച് 31, 1986 മാർച്ച് 31 എന്നീ തീയതികളിൽ സംസ്ഥാനത്തിന്റെ ബഡ്ജറ്റ് കമ്മി എത്രയായിരുന്നു;

(ജി) 1986-87-ലെ സംസ്ഥാന ബഡ്ജറ്റ് കമ്മിയാണെന്നുള്ള പ്രസിദ്ധ ധനകാര്യ വിദഗ്ധനായ ഡോ. കെ. എൻ. രാജിന്റെ അഭിപ്രായം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ശ്രീ. രാജിന്റെ അഭിപ്രായത്തെ സംബന്ധിച്ചു കൊണ്ടു സർക്കാർ കുറിപ്പു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ഐ) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ കുറിപ്പിന്റെ വിവരം വെളിപ്പെടുത്താമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1986-87-ലെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വരവു ചിലവുകൾ മാത്രം കണക്കിലെടുത്താൽ 59.40 കോടി രൂപയുടെ കമ്മിയുണ്ട്. എന്നാൽ വർഷാരംഭ മിച്ചമായ 82.13 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ധനകാര്യ നിർദ്ദേശങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനവും കൂടി കണക്കിലെടുക്കുമ്പോൾ 1986-87 അവസാനം മിച്ചമായിരിക്കും.

(സി), (ഡി), (ഇ) ഇല്ല.

(എഫ്) 1984 മാർച്ച് 31 കമ്മി 75.24 കോടി രൂപ

1985 മാർച്ച് 31 കമ്മി 204.98 കോടി രൂപ

1986 മാർച്ച് 31 കമ്മിയില്ല.

(ജി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) ധനകാര്യമന്ത്രി കാര്യാലയം ഒരു പത്രകുറിപ്പു കൊടുത്തിട്ടുണ്ട്.

(ഐ) കുറിപ്പിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 1

[നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 51 (51) കാണുക]

ധനകാര്യമന്ത്രി കാര്യാലയം

തിരുവനന്തപുരം, 24-4-1986

പത്രക്കുറിപ്പ്

കേരള ഗവൺമെൻറിൻെറ 1986-87-ലെ ബഡ്ജറ്റ് മിച്ചം കള്ളമാണെന്നുള്ള ഡോ: കെ. എൻ. രാജിൻെറ പ്രസ്താവന അടിസ്ഥാനരഹിതമാണ്. വിചാരങ്ങളേക്കാൾ വികാരങ്ങളാണ് ശ്രീ. രാജിൻെറ പ്രസ്താവനയിലുടനീളം നിഴലിക്കുന്നത്. ചില മുൻവിധികൾമൂലം രാജിന് ചില സത്യങ്ങൾ കാണുവാനും അംഗീകരിക്കുവാനും കഴിഞ്ഞിട്ടില്ല.

വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് ധനകാര്യമന്ത്രി തയ്യാറാക്കുന്ന രേഖയല്ല. ധനകാര്യവകുപ്പു തയ്യാറാക്കി, മന്ത്രിസഭ സുദീർഘമായി ചർച്ചചെയ്ത് അംഗീകരിച്ചശേഷം, ഭരണഘടനപ്രകാരം ആവശ്യമായ അനുമതി സംസ്ഥാന ഗവൺമെൻറിൽനിന്നും ലഭിച്ചുകഴിഞ്ഞ് ധനകാര്യമന്ത്രി നിയമസഭയിൽ അവതരിപ്പിക്കുന്ന രേഖയാണത്. ഒരു ധനകാര്യമന്ത്രിക്കും ആ രേഖ വ്യാജമായ കണക്കുകൾ ഉൾക്കൊള്ളിച്ച് അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല.

വിവിധ വകുപ്പുകളുടെ വരവും ചെലവും അതിൽനിന്നുണ്ടാകുന്ന മൊത്തം കമ്മിയോ മിച്ചമോ ഇത്രയെന്നും കാണിക്കുന്ന രേഖയാണത്. ഈ വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെൻറിൽ ഏത് ഇനത്തെപ്പറ്റിയുള്ള ഇന്ന കണക്കാണ് തെറ്റ്, അഥവാ തെറ്റിദ്ധാരണ ഉളവാക്കുന്നത് എന്ന് ആരും ഇതേവരെ വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത കണക്കുകളെപ്പറ്റിയും, ബഡ്ജറ്റ് പ്രസംഗത്തിലുള്ള കണക്കുകളെപ്പറ്റിയും, വ്യക്തമായി, തെറ്റ് ഇന്ന കണക്കിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അവയ്ക്ക് വിശദീകരണം നൽകാൻ ഞാൻ തയ്യാറാണ്.

അതു ചെയ്യാതെ, പൊതുവെ ബഡ്ജറ്റ് വഞ്ചനയാണ് എന്നു പറഞ്ഞാൽ അതിനു മറുപടി പറയുന്നതെങ്ങനെയാണ്? കേന്ദ്രത്തിൽനിന്നു കിട്ടിയ സഹായത്തെപ്പറ്റിയോ, എട്ടാം ധനകാര്യകമ്മീഷൻ റിപ്പോർട്ടിൻെറ ദൂഷ്യഫലത്തെപ്പറ്റിയോ, സംസ്ഥാനഗവൺമെൻറിൻെറ ശ്രമംകൊണ്ടു നേടിയ സാമ്പത്തികാഭിവൃദ്ധിയെപ്പറ്റിയോ വസ്തുനിഷ്ഠമല്ലാത്ത കണക്കുകളൊന്നും ബഡ്ജറ്റു രേഖകളിലില്ല; ഉള്ളതായി ആരും ഇതേവരെ ചൂണ്ടിക്കാട്ടിയിട്ടുമില്ല. പ്ലാൻ ചർച്ചകളെപ്പറ്റിയുള്ള പ്ലാനിംഗ് കമ്മീഷൻെറതന്നെ മിനിട്സ് പരിശോധിച്ചാൽ 1986-87-ൽ പദ്ധതിക്കുള്ള വിഭവസമാഹരണത്തെപ്പറ്റി ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ നൽകിയ കണക്കുകൾ ശരിയാണെന്നു ബോദ്ധ്യമാകും.

2/8—21

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറിൽ കാണിച്ചിരിക്കുന്ന 1985-86-ലെ മിച്ചമാണ് ചിലരെ യഥാർത്ഥത്തിൽ പൊടിപ്പിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഗവൺമെൻറിൻെറ ധനസ്ഥിതി ആകെ തകരാറിലാണ്. നിത്യചെലവിനുപോലും പണമില്ല എന്നൊക്കെ വിമർശനങ്ങൾ നടത്തിക്കൊണ്ടിരുന്നവർ ആ വിമർശനം ശരിയായിരുന്നില്ലെന്നു തെളിഞ്ഞപ്പോഴുള്ള ജാള്യത മറയ്ക്കുവാൻ മിച്ചം അയഥാർത്ഥമാണ് എന്നൊരു വാദം ഉന്നയിക്കുന്നതാവാം. മിച്ചം ഉണ്ടോ, ഉണ്ടെങ്കിൽ ഇത്ര എന്നതിനെപ്പറ്റി തർക്കിക്കേണ്ട കാര്യമില്ല. സത്യമിരിക്കെ സാക്ഷി എന്തിന്?

വർഷാവസാനം റിസർവ് ബാങ്ക് അക്കൗണ്ടിൽ എത്ര തുക നിക്ഷേപമായി കിടപ്പുണ്ട് എന്നതിനെ ആശ്രയിച്ചാണ് ഒരു സംസ്ഥാനത്തിൻെറ മിച്ചം നിർണ്ണയിക്കുന്നത്. അതു പരിശോധിക്കുവാൻ ഒരു വിഷമവുമില്ല. പ്രാഥമികമായി ഈ തത്വം ശ്രീ. രാജ് സൗകര്യപൂർവ്വം വിസ്മരിച്ചത് നിർഭാഗ്യകരമായിപ്പോയി. നമ്മുടെ റിസർവ് ബാങ്ക് അക്കൗണ്ട് പരിശോധിച്ചാൽ മിച്ചത്തിൻെറ കാര്യം വ്യക്തമാകും. കേരളത്തിൻെറ ധനകാര്യമന്ത്രി പറഞ്ഞതുകൊണ്ടുമാത്രം റിസർവ് ബാങ്ക് അവരുടെ കണക്കുകൾ തെറ്റിച്ചെഴുതി ഇല്ലാത്ത മിച്ചം ഉണ്ടെന്നു വരുത്തുകയില്ലല്ലോ. 1985 ഒക്ടോബർ തൊട്ടിങ്ങോട്ട് എല്ലാ ദിവസവും നമ്മുടെ റിസർവ് ബാങ്ക് അക്കൗണ്ടിൽ ഗണ്യമായ മിച്ചം ഉണ്ടായിരുന്നു. 1986 മാർച്ച് 31-ാം തീയതി 1985-86 സാമ്പത്തിക വർഷത്തിൻെറ അവസാനദിവസം മിച്ചം 140 കോടി രൂപയായിരുന്നു. എല്ലാ അഡ്ജസ്റ്റുമെൻറുകളും കഴിഞ്ഞുള്ള മിച്ചത്തുക താമസിയാതെ അറിയാം, അതു തിർച്ചയായും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നതിലും കൂടുതലായിരിക്കും എന്നാണെൻെറ വിശ്വാസം. വസ്തുത ഇതായിരിക്കെ മറിച്ചുള്ള രാജിൻെറ പ്രസ്താവനയിലെ നിഗമനങ്ങൾ രാഷ്ട്രീയപ്രേരിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly